**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ, കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടറേറ്റ് , തിരുവനന്തപുരം**

**ഹാജർ :-ജോർജ്ജ് അലക്സാണ്ടർ**

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്- ജീവനകാര്യം - കൃഷി അസിസ്റ്റന്റ് തസ്തികയിൽ 2022- വർഷത്തെ അന്തർ ജില്ലാ സ്ഥലമാറ്റത്തിനുള്ള (inter-district-transfer) പൊതുസ്ഥലമാറ്റത്തിന്റെ ഭേദഗതി വരുത്തിയ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു

പരാമർശം :- 1. സർക്കാർ ഉത്തരവ് (P) നമ്പർ 3/2017/P&ARD തീയതി 25.2.2017.
2. സർക്കാർ ഉത്തരവ് (RT) നമ്പർ 147/22/Agri തീയതി 21.2.2022
3. ഈ ഓഫീസിലെ സർക്കുലർ നമ്പർ SA(2) 762/21 തീയതി 16.3.2022.
4 ഈ ഓഫീസിലെ സർക്കുലർ നമ്പർ SE(3) 1106/22 തീയതി 19.9.2022.
5. ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ് നമ്പർ തീയതി 30.9.2022.
6. ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ് നമ്പർ തീയതി 27.9.2022.

**ഉത്തരവ് നമ്പർ എസ്.ഇ (3 ) 1106/22 തീയതി 22.11.2022**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ കൃഷി അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ 2022- വർഷത്തെ അന്തർ ജില്ലാ സ്ഥലമാറ്റം (inter-district-transfer) SPARK- മുഖേന ഓണലൈനായി നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 3,4 പ്രകാരമുള്ള സർക്കുലറുകൾ പ്രകാരം വകുപ്പിലെ കൃഷി അസിസ്റ്റന്റ് തസ്തികയിൽ 2022- വർഷത്തെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുകയും പ്രസ്തുത അപേക്ഷകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേഡ് ചെയ്യുന്നതിനും നിർദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ കൃഷി അസിസ്റ്റന്റ് തസ്തികയിൽ 2022 - വർഷത്തെ അന്തർ ജില്ലാ സ്ഥലമാറ്റം (Inter District Transfer) നടപ്പിലാക്കികൊണ്ടുള്ള കരട് ഉത്തരവ് പരാമർശം 5 പ്രകാരം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു . പരാമർശം 5 പ്രകാരം പ്രസിദ്ധീകരിച്ച ഈ കരട് സ്ഥലം മാറ്റ ഉത്തരവിന്മേൽ 12.10.2022 തീയതി വരെ ആക്ഷേപങ്ങൾ / പരാതികൾ എന്നിവ സ്വീകരിച്ചിട്ടുള്ളതും ആയത് മാനദണ്ഡങ്ങൾക്കനുസൃതമായി പരിശോധിച്ച് നടപടിയെടുത്തിട്ടുള്ളതുമാകുന്നു. അനുകമ്പാർഹ കാരണങ്ങളാൽ സ്ഥലമാറ്റം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചവരുടെ അപേക്ഷകൾ മെഡിക്കൽ ബോർഡിന് നൽകുകയും ആയതിൽ ശുപാർശ രേഖപ്പെടുത്തി നൽകിയ അപേക്ഷകൾ അംഗീകരിച്ച് പരാമർശം 6 .പ്രകാരം ഉത്തരവായിട്ടുണ്ട് . ഇപ്രകാരം അനുകമ്പാർഹ പരിഗണയ്ക്ക് അർഹമാണെന്ന് മെഡിക്കൽ ബോർഡ് ശുപാർശ ചെയ്ത അപേക്ഷകളും , SPARK - മുഖേന പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രോസസ്സ് ചെയ്ത് ലഭിച്ച കൃഷി അസിസ്റ്റന്റ് തസ്തികയിലെ 2022- വർഷത്തെ അന്തർ ജില്ലാ സ്ഥലമാറ്റത്തിനുള്ള (inter-district-transfer) ഭേദഗതി വരുത്തിയ കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaagriculture.in - ൽ പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു . ഈ കരട് ലിസ്റ്റിന്മേൽ അപേക്ഷകരുടെ പരാതികൾ / ആക്ഷേപങ്ങൾ **29.11.2022 തീയതി വൈകുന്നേരം 5 മണിവരെ** ഓൺലൈനായി agrigeneraltransfer@gmall.com എന്ന ഇ - മെയിലിൽ സമർപ്പിക്കാവുന്നതാണ്. ഈ തീയതിക്ക് ശേഷം ലഭിക്കുന്ന പരാതികൾ / ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല. ആക്ഷേപങ്ങളുടെ / പരാതികളുടെ ഹാർഡ് കോപ്പി സ്വീകരിക്കുന്നതല്ല .

ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ / DDO മാർ കരട് ലിസ്റ്റ് പരിശോധിച്ച് അപാകതകളുണ്ടെങ്കിൽ ആയതും തങ്ങളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ നിലവിലെ ഔദ്യോഗിക മേൽവിലാസത്തിൽ വ്യത്യാസമുണ്ടെങ്കിൽ ആ വിവരവും, ഒഴിവില്ലാത്ത ഓഫീസുകളിൽ സ്ഥലമാറ്റം നൽകിയിട്ടുണ്ടെങ്കിൽ ആ വിവരവും agrigeneraltransfer@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ 29.11.2022 തീയതി **വൈകുന്നേരം 5 – മണിക്ക്** മുമ്പായി അറിയിക്കേണ്ടതാണ്.

Sd/-

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ (I/C)**

ബന്ധപ്പെട്ട ജീവനക്കർക്ക് (പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന)
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
പകർപ്പ് :- കൃഷി ഡെപ്യൂട്ടി ഡയറക്ടർ (IT CELL)
ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി

Junior Superintendent
SE Section
Directorate of Agriculture
Thiruvananthapuram-33